


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**FRIDAY SERMON/വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**28 AUGUST 2020**

**08 MUHARRAM 1442 AH**

# *Duahs (Invocations) (Pt. 8)*

## ദുആകൾ (ഭാഗം -8)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭി ക്കുകയുണ്ടായി.

وَالذَّاكِرِينَ اللَّهَ كَثِيرًا وَالذَّاكِرَاتِ أَعَدَّ اللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴿٣٦﴾

“അല്ലാഹുവിനെ അധികമായി സ്മരിക്കുന്ന പുരുഷന്മാരും, സ്ത്രീകളും, ഇവർക്കെല്ലാം അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട്.” (33:36 അൽഅഹ്സാബ്)

അബൂഹുറൈറ(റ) നിവേദനം ചെയ്തിരിക്കുന്നു അല്ലാഹുവിന്റെ ദൂതൻ പറയുന്നതായി; അതായത് സമാനതകളില്ലാത്തവനും മഹത്വമുടയവനുമായ അല്ലാഹു(ത) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. “എന്റെ ദാസൻ എന്നെപറ്റി എപ്രകാരം ചിന്തിക്കുന്നുവോ, ആ ചിന്തയ്ക്കനുസൃതമായി ഞാനവന്റെ സമീപത്തുണ്ട്. എന്നെ അവൻ ഓർക്കുന്നതുപോലെ, ഞാനവന്റെ സമീപത്തുണ്ട്. അവൻ എന്നെ അവന്റെ ഹൃദയത്തിലാണ്

സ്മരിക്കുന്നതെങ്കിൽ, ഞാനും അവനെ എന്റെ ഹൃദയത്തിൽ സ്മരിക്കും. ഇനി അവൻ എന്നെ ഒരു പൊതുവേദിയിൽ വെച്ചാണ് സ്മരിക്കുന്നതെങ്കിൽ ഞാനും അവനെ പൊതുവേദിയിൽ വച്ച് സ്മരിക്കും, അവൻ സ്മരിക്കുന്നതിനേക്കാൾ നല്ല നിലയിൽ ഞാൻ സ്മരിക്കും. അവൻ എന്റെ അരികിലേക്ക് ഒരു ചാൺ അടുക്കുകയാണെങ്കിൽ ഞാൻ അവന്റെ അടുക്കലേക്ക് ഒരു മുഴം അടുക്കുന്നതാണ്. ഇനി, അവൻ ഒരു മുഴമാണ് എന്നിലേക്കടുക്കുന്നതെങ്കിൽ, ഞാൻ അവന്റെ അടുത്തേക്ക് രണ്ടു മുഴം നീളത്തിൽ അടുക്കുന്നതാണ്. ഇനി അവൻ എന്റെ അടുത്തേക്ക് നടന്നാണ് വരുന്നതെങ്കിൽ ഞാൻ അവന്റെ അടുത്തേക്ക് ഓടിവരുന്നതാണ്."

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കി എന്റെ പ്രസംഗങ്ങൾ തുടരുവാനുള്ള തൗഫീഖ് അല്ലാഹു(ത) എനിക്ക് പ്രദാനം ചെയ്തിരിക്കുന്നു, അതനുസരിച്ച് ഇന്ന് 8-ാം ഭാഗമാണ് നിങ്ങളെ കേൾപ്പിക്കുന്നത്. ഇതെല്ലാം അല്ലാഹു(ത)യുടെ അനുഗ്രഹമാണ്, അവനിൽ നിന്നുള്ള സമ്മാനങ്ങളാണ്, അവൻ ഈ ദുആകൾ എന്റെ മേൽ ചൊരിഞ്ഞു തരികയാണ്. ആയതിനാൽ ഇസ്ലാമിലെ സഹോദരീസഹോദരന്മാരുടെമേലും കുട്ടികളുടെ മേലും, ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള എന്റെ അനുചരവൃന്ദത്തിനു മേലും ഇവ സമർപ്പിക്കുവാൻ എനിക്ക് കഴിയുന്നു. യാ അല്ലാഹ്! യാ! അസീം! യാ! ഗഫ്ഫാർ, യാ റബ്ബൽ ആലമീൻ! എന്നിലേക്ക് നീ ഒഴുക്കിവിടുന്ന എല്ലാ അറിവിനും ഞാൻ നിന്നോട് നന്ദി രേഖപ്പെടുത്തുന്നു. തന്മൂലം എനിക്ക് നിന്റെ ദാസന്മാരെ നേർവഴിയിൽ നയിക്കുവാൻ സാധിക്കുന്നു. ആമീൻ!

നമ്മുടെ പ്രവാചകപ്രഭുവായ മുഹമ്മദ് മുസ്തഫ(സ)യുടെ മേലും, അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും, അദ്ദേഹത്തിന്റെ എല്ലാ അനുചരന്മാരുടെമേലും അല്ലാഹു(ത)യുടെ കാരുണ്യവും, രക്ഷയും, അനുഗ്രഹവും ഉണ്ടാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

മുഴുലോകത്തിനും കാരുണ്യവാനായ, റഹ്മത്തുൻ ലിൽ ആലമീനായ ഈ മഹാനായ പ്രവാചകനിലൂടെയാണ് നാം ഈ

ദുആകൾ അറിയുന്നത്. നമുക്കു പ്രവാചകന്റെ മേൽ അധിക മധികമായ സ്വലാത്ത് ചൊല്ലാം. നബികരീം(സ) അല്ലാഹുവി നോട് ചെയ്ത ദുആകൾ, അല്ലാഹു(ത) നമുക്ക് പഠിപ്പിച്ചു തന്നി രിക്കുന്നു. വിശിഷ്യാ ഏതു സാഹചര്യത്തിലാണ് അത്തരം ദുആകൾ ചെയ്യേണ്ടതെന്നും നമ്മെ പഠിപ്പിക്കുന്നു. പ്രവാച കനായ മുഹമ്മദ് മുസ്തഫ(സ) തന്നെയാണ് സമ്പൂർണ്ണ വഴി കാട്ടിയും മാതൃകാപുരുഷനും! പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) അല്ലാത്ത മറ്റൊരു വഴികാട്ടിയും നമുക്കില്ല. അതാ യത് അദ്ദേഹത്തിൽ നിന്നുമാണ് എല്ലാ ജനങ്ങളും മാതൃക സ്വീകരിക്കുന്നത്. അവരുടെ ഇസ്ലാമും, അവരുടെ ഈമാനും സമ്പൂർണ്ണമാക്കുന്നതിനുള്ള ഒരേഒരു വഴി! ആയതിനാൽ, നമ്മുടെ പ്രിയ പ്രവാചകൻ(സ)യുടെ ദുആകൾ ഞാൻ നിങ്ങ ളുടെ മുൻപാകെ വെയ്ക്കുകയാണ്.

"അല്ലാഹുമ്മ ഇന്നീ അഊദു ബിക്ക മിൻ അദാബിൽ ഖബ്രി ലാ ഇലാഹ ഇല്ലാ അൻത"

"യാ അല്ലാഹ്! ഖബ്റിലെ ശിക്ഷയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. ആരാധനയ്ക്കർഹൻ നീയല്ലാതെ മറ്റാരുമില്ല." (അബൂദാവൂദ്, അൽഹാക്കിം)

"അല്ലാഹുമ്മ ഇന്നീ അഊദു ബിക്ക മിന ശ്ശിഖാഖി വന്നി ഫാഖി വ സൂഇൽ അഖ്ലാഖി"

"യാ അല്ലാഹ്! അഭിപ്രായ ഭിന്നതയിൽ നിന്നും, കാപ ട്യത്തിൽ നിന്നും, എല്ലാ മ്ലേഛ സ്വഭാവങ്ങളിൽ നിന്നും ഞാനിതാ നിന്നിൽ അഭയം തേടുന്നു." (അബൂദാവൂദ്, അന്നസാഇ)

"അല്ലാഹുമ്മ ജ്അൽ ഫീ ഖൽബീ നൂറൻ വഫീ ലിസാനീ നൂറൻ, വഫീ ബസ്രീ നൂറൻ, വഫീ സംഇ നൂറൻ, വഅൻ യമിനീ നൂറൻ, വഅൻ യസാരീ നൂറൻ, വമിൻ ഫൗഖി നൂറൻ, വമിൻ തഹ്തീ നൂറൻ, വമിൻ അമാമീ നൂറൻ, വഅൻ ഖല്ഫീ നൂറൻ, വജ്അൽ ലീ ഫീ നഫ്സി നൂറൻ, വ അഅ്സിം ലീ നൂറൻ"

"യാ അല്ലാഹ്! എന്റെ ഹൃദയത്തിൽ പ്രകാശം നല്കേണമെ. എന്റെ നാവിൽ പ്രകാശം നല്കേണമെ, എന്റെ കണ്ണുകളിൽ നീ പ്രകാശം നല്കേണമെ, എന്റെ ചെവികളിൽ നീ പ്രകാശം നല്കേണമെ, എന്റെ വലതുഭാഗത്ത് നീ പ്രകാശം നല്കേണമെ, എന്റെ ഇടതുഭാഗത്ത് നീ പ്രകാശം നല്കേണമെ, എന്റെ മുകൾഭാഗത്ത് നീ പ്രകാശം നല്കേണമെ, എന്റെ അടിഭാഗത്ത് നീ പ്രകാശം നല്കേണമെ, എന്റെ മുന്നിൽ നീ പ്രകാശം നല്കേണമെ, എന്റെ പിന്നിൽ നീ പ്രകാശം നല്കേണമെ, എന്റെ ആത്മാവിൽ നീ പ്രകാശം നല്കേണമെ, പ്രസ്തുത പ്രകാശം എനിക്ക് കൂടുതൽ മഹത്വത്തിന് നിദാനമാകേണമെ." (ബുഖാരി, മുസ്ലിം, അന്നസാഇ)

"അല്ലാഹുമ്മ ഇക്ക്സിം ലനാ മിൻ ഖഷ്യത്തിക്ക മാ യഹൂലു ബയ്നന വ ബൈന മആസിക്ക വമിൻ തുഅത്തിക്ക മാ തുബല്ലീഗൂന ബിഹി ജന്നത്തക്ക, വമിനൽ യഖീനി മാ തുഹവ്വിനു ബിഹി അലൈനാ മുസീബത്തിദ്ദുൻയാ, വ മത്തിഅ്നാ ബി അസ്മാഇനാ വ അബ്സാരിന വ ഖുവ്വത്തിനാ മാ അഹ്യാത്തന വജ്അൽഹുൽവാരിത മിന്നാ വജ്അൽത്തറാനാ അലാ മൻ സലമന വൻസൂർനാ അലാമൻ അദാനാ വലാ തജ്അലിദ്ദൂൻയാ അക്ബറ ഹാമ്മിനാ വലാ മബ്ലഗ ഇൽമിന, വലാ തുസല്ലിത്ത് അലൈനാ മാൻ ലാ യർഹമുനാ"

"യാ അല്ലാഹ്! നീ ഞങ്ങൾക്കായി വിഭജിക്കേണമെ! ഞങ്ങൾക്കും നിന്നെ അനുസരിക്കാത്തതിനുമിടയിൽ നിന്നോടുള്ള ഭയം നീ ഞങ്ങൾ വീതിച്ചു നല്കേണമെ! നിന്റെ സ്വർഗം കരഗതമാക്കുന്നതിനായി, നിന്നെ അനുസരിക്കുന്നതിനായി, നീ ഞങ്ങൾക്ക് ഭയം ഇട്ടുതരേണമെ! ഇഹലോകശിക്ഷകൾ എളുപ്പമായി തീരുന്നതിനായി നിന്നിലുള്ള ദൃഢത ഞങ്ങൾക്ക് നല്കേണമെ! നീ ഞങ്ങളെ ജീവിപ്പിക്കുവോളം ഞങ്ങൾക്ക് കേൾക്കുവാനും കാണുവാനുമുള്ള കഴിവും ശാരീരിക ക്ഷമതയും നല്കേണമെ! ഞങ്ങളിൽ നിന്നുള്ള അനന്തരാവകാശ സ്വത്താക്കി അത് നിലനിർത്തേണമെ! ഞങ്ങളോട് അക്രമം ചെയ്തവരോട് പകരം വീട്ടുവാൻ സഹായിക്കേണമെ! ഞങ്ങളോട് ശത്രുത കാണിച്ചവർക്കെതിരിൽ നീ ഞങ്ങളെ

സഹായിക്കേണമെ! ഞങ്ങളുടെ ദുഃഖാവസ്ഥ നീ ഞങ്ങളുടെ ദീനിന് വരുത്തരുതേ! ഞങ്ങളുടെ ആത്യന്തിക ലക്ഷ്യം ഈ ലോകം ആകരുതേ! ഞങ്ങളുടെ അറിവിന് നീ പരിധി വെയ്ക്കരുതെ! ഞങ്ങളോട് കരുണകാണിക്കാത്തവരെ നീ ഞങ്ങളുടെ അധികാരികളാക്കരുതേ!

"അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽ ഹുദാ: വത്തഖ്വ വൽ അഫാഫ, വൽഗിന."

"യാ അല്ലാഹ്! നേർമാർഗത്തിനായി ഞാൻ തേടുന്നു. സൂക്ഷ്മതയുള്ളവനായിരിക്കുവാൻ ഞാൻ നിന്നോടു ചോദിക്കുന്നു. പരിശുദ്ധമായതിനെ ഞാൻ നിന്നോട് ചോദിക്കുന്നു. സ്വയം പര്യാപ്തതയുള്ളവനായിരിക്കാൻ ഞാൻ നിന്നോട് ചോദിക്കുന്നു." (മുസ്ലിം, തിർമിദി)

"അല്ലാഹുമ്മക്ക്ഫിനീ ബിഹലാലിക്ക അൻ ഹറാമിക്ക വ അഗ്നിനീ ബി ഫദ്ലിക്ക അമ്മൻ സിവാക്ക്."

"യാ അല്ലാഹ്! നീ വിശുദ്ധമാക്കിയതിനു പകരം, നീ അനുവദനീയമാക്കിയതിൽ, നീ എന്നെ, സംതൃപ്തനാക്കേണമെ! നീ അല്ലാത്ത മറ്റെല്ലാത്തിൽ നിന്നും നീ എന്നെ സ്വതന്ത്രനാക്കേണമെ" (അഹ്മദ്, തിർമിദി)

"അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽ അജ്സി വൽകസ്‌ലി വൽജുബുനി വൽബുഖ്‌ലി വൽഹറമി വഅദാബിൽ ഖബ്‌രി വ ഫിത്നത്തി ദ്ദജ്ജാൽ."

"നിസ്സാഹയത, അലസത, ഭീരുത്വം, ലുബ്ദത, വാർദ്ധക്യക്ളേശം, ഖബ്‌റിലെ ശിക്ഷ, ദജ്ജാലിന്റെ കുഴപ്പം പിടിച്ച പരീക്ഷണം ഇവയിൽ നിന്നെല്ലാം ഞാൻ തമ്പുരാനെ നിന്നിൽ അഭയം പ്രാപിക്കുന്നു." (മുസ്ലിം, അബൂദാവൂദ്, തിർമിദി)

"അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽ ജന്നത്ത: വമാ ഖർറബ ഇലൈഹ മിൻ ഖൗലിൻ അവ് അമലിൻ വഅഊദുബിക്ക മിനന്നാരി വമാ ഖർറബ ഇലൈഹാ മിൻ ഖൗലിൻ അവ് അമലിൻ വ അസ്അലുക്ക അൻ തജ്അല കുല്ല ഖദാഇൻ ഖദയ്തഹു ലിഖൈരിൻ."

"യാ അല്ലാഹ്! ഞാൻ സ്വർഗത്തിനായി നിന്നോട് ചോദിക്കുന്നു; ഒരുവനെ അതിലേക്ക് അടുപ്പിക്കുന്നതെന്തോ അത് ഞാൻ നിന്നോടു ചോദിക്കുന്നു. അത് വാക്കുകൊണ്ടുള്ളതാകട്ടെ, പ്രവർത്തികൊണ്ടുള്ളതാകട്ടെ! ഞാൻ നരകത്തിൽ നിന്നും, അതിനോടടുപ്പിക്കുന്നതിൽ നിന്നും നിന്നിൽ അഭയം പ്രാപിക്കുന്നു. അതു വാക്കുകൊണ്ടായാലും ശരി പ്രവർത്തി കൊണ്ടായാലും ശരി. നീ വിധിച്ചിട്ടുള്ള ഓരോ വിധിയും എന്നെ സംബന്ധിച്ചിടത്തോളം എനിക്കു നന്മ വരുത്തുന്നതായിരിക്കാനായി ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു." (ഇബ്നു മാജ)

ബുഖാരിയിലെ ഒരു ഹദീസിൽ അൽബാറഇബ്ന് ആസിബ് (റ)വിവരിക്കുന്നു. അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അദ്ദേഹത്തോടു പറഞ്ഞു. നീ കിടക്കയിലേക്ക് പോകുമ്പോഴെല്ലാം നമസ്ക്കാരത്തിന് വുദൂ ചെയ്യുന്നതുപോലെ വുദൂ ചെയ്യുക. എന്നിട്ട് വലതുവശം ചരിഞ്ഞ് കിടന്ന് ഇപ്രകാരം പ്രാർത്ഥിക്കുക.

"അല്ലാഹുമ്മ അസ്ലംതു വജ്ഹീ ഇലൈക്ക മ ഫവ്വദ്തു അംരീ ഇലൈക്ക വ അൽജദൂ സഹ്രീ ഇലൈക്ക റഗ്ബത്തൻ വ റഹ്ബത്തൻ ഇലൈക്ക ലാ മൽജഅ വലാ മൻജാമിൻക ഇല്ലാ ഇലൈക്ക, അല്ലാഹുമ്മ ആമൻതുബികിതാബിക്ക അല്ലദീ അൻസൽത വബി നബിയ്യിക്ക അല്ലദീ അർസൽത."

"യാ അല്ലാഹ്! ഞാൻ നിനക്ക് കീഴടങ്ങുന്നു. ഞാനെന്റെ എല്ലാ കാര്യവും നിന്നിൽ ഭരമേല്പിക്കുന്നു. നിന്റെ അനുഗ്രഹങ്ങൾക്കായി ഞാൻ നിന്നെ ആശ്രയിക്കുന്നു. നിന്നോടുള്ള ഭയത്തോടെയും നിന്നോടുള്ള പ്രതീക്ഷയോടെയും! നിന്നിൽ നിന്നും ഓടിപ്പോകാൻ ഒരിടവുമില്ല! യാ അല്ലാഹ്! സംരക്ഷണത്തിനായും സുരക്ഷിതത്വത്തിനായും നിന്നിലല്ലാതെ മറ്റൊരിടവുമില്ല നാഥാ! ഞാൻ നിന്റെ ഗ്രന്ഥത്തിൽ (വിശുദ്ധഖുർആനിൽ) വിശ്വസിക്കുന്നു. അത് നീ അവതരിപ്പിച്ചതുതന്നെയാണ്. നീ നിയോഗിച്ച നിന്റെ പ്രവാചകനായ (മുഹമ്മദ് (സ)യിലും ഞാൻ വിശ്വസിക്കുന്നു. എന്നിട്ട് പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തോട് പറഞ്ഞു. നീ ആ രാത്രിയിൽ മരണപ്പെടുകയാ

ണെങ്കിൽ, നീ ഈമാനോടുകൂടി മരണപ്പെടുന്നതാണ്. (അതായത് ഇസ്ലാംദീനിൽ) ഉറക്കത്തിനു മുമ്പുള്ള നിന്റെ അവസാനത്തെ മൊഴികൾ മുകളിൽ പറഞ്ഞ വാക്കുകളായിരിക്കട്ടെ!"

ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ ജാബിർ ഇബ്ന് അബ്ദുല്ലാഹ് വിവരിക്കുന്നു. അതായത് പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞിരിക്കുന്നു. ബാങ്ക് ശ്രദ്ധിച്ച് കേട്ടശേഷം ആരെങ്കിലും ഇപ്രകാരം പറഞ്ഞാൽ

"അല്ലാഹുമ്മ റബ്ബ ഹാദിഹിദ്ദുഅ്വത്തി ത്താമ്മത്തി വസ്സലാത്തിൽ ഖാഇമത്തി ആത്തി മുഹമ്മദിനിൽ വസീലത്ത വൽ ഫദീലത്ത വബ്അദുഹു മക്കാമൻ മഹ്മുദൻ അല്ലദി വഅത്തഹു."

"യാ അല്ലാഹ്! ഈ സമ്പൂർണ്ണ ക്ഷണത്തിന്റെ നാഥാ! (നിനക്ക് പങ്കുകാരില്ലാത്ത നിലയിൽ സമ്പൂർണ്ണനായവൻ) സ്ഥാപിക്കപ്പെടാൻ പോകുന്ന തുടർച്ചയായുള്ള പ്രാർത്ഥനയുടെ നാഥാ! മുഹമ്മദ് നബി(സ)യ്ക്ക് ശുപാർശ ചെയ്യുവാനുള്ള അവകാശം നല്കിയാലും, വിശിഷ്ടമായ സ്ഥാനം നല്കി അനുഗ്രഹിച്ചാലും. സ്വർഗത്തിലെ ഏറ്റവും ഉന്നതവും ഏറ്റവും മഹത്വരവുമായ സ്ഥാനം നല്കി ഉയർത്തെഴുന്നേല്പിച്ചാലും. അത് നീ അദ്ദേഹത്തിന് വാഗ്ദാനം ചെയ്തതാണല്ലോ. ഉയർത്തെഴുന്നേല്പ് നാളിൽ എനിക്ക് അദ്ദേഹത്തിന്റെ ശുപാർശ കിട്ടുവാനുള്ള അനുവാദം നല്കി അനുഗ്രഹിക്കേണമെ!"

"ഹസ്രത് അബൂഹുറൈറ(റ) മറ്റൊരു ഹദീസിൽ, സഹീഹുൽ ബുഖാരിയിൽ വിവരിച്ചിരിക്കുന്നു. അതായത് പരിശുദ്ധപ്രവാചകൻ(സ) പറഞ്ഞു. ഇമാം പറയുമ്പോൾ, ഒയ്രിൽ മഗ്ളുബി അലൈഹിം വലാ ദാല്ലീൻ (അതായത് നിന്റെ കോപത്തിന് പാത്രമായവരുടേയോ, വഴിപിഴച്ചുപോയവരുടെ പാതയോ അല്ല) (1:7) (എന്ന് ഇമാം പറയുമ്പോൾ) നിങ്ങൾ തീർച്ചയായും ആമീൻ എന്നു പറയണം. ഒരാൾ ആമീൻ പറയുമ്പോൾ പ്രസ്തുത ആമീൻ മലക്കുകളുടെ ആമീനുമായി

കൂടിച്ചേരുകയാണെങ്കിൽ, അപ്പോൾ അവന്റെ മുൻകഴിഞ്ഞ എല്ലാ പാപങ്ങളും മാപ്പാക്കപ്പെടുന്നതാണ്.!"

ബുഖാരി ശരീഫിൽ നിന്ന്-റിഫാഅ ഇബ്നു റാഫി അസ്സുറാഖി(റ) വിവരിച്ചിരിക്കുന്നു. ഒരു ദിവസം പ്രവാചകൻ(സ)യുടെ പുറകിൽ നിന്ന് ഞങ്ങൾ നമസ്ക്കരിക്കുകയായിരുന്നു. റുക്കുഇൽ നിന്നും ഇഅ്തിദാലിലേക്ക് തല ഉയർത്തിയപ്പോൾ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി. സമിഅ അല്ലാഹു ലിമൻ ഹമിദഹു അദ്ദേഹത്തിന്റെ പുറകിൽ നിന്ന ഒരാൾ പറയുകയുണ്ടായി. "റബ്ബനാ വലക്കൽഹംദു, ഹംദൻ കസീറൻ തയ്യിബൻ മുബാറക്കൻ ഫീഹി"

(ഞങ്ങളുടെ രക്ഷിതാവേ! എല്ലാ സ്തുതികളും നിനക്ക് മാത്രമുള്ളതാകുന്നു. നന്മ നിറഞ്ഞതും അനുഗ്രഹപ്രദവുമായ സ്തുതികൾ!) പ്രവാചകൻ (സ) നമസ്ക്കാരം പൂർത്തിയാക്കിയശേഷം സദസ്സിനോട് ചോദിക്കുകയുണ്ടായി, ഈ വാക്കുകൾ പറഞ്ഞതാരാണ്? പറഞ്ഞ ആൾ പറഞ്ഞു, ഞാനാണ്! അപ്പോൾ പ്രവാചകൻ(സ) പറഞ്ഞു. മുപ്പതിലധികം മാലാഖമാർ ഇത് എഴുതി ആദ്യം പൂർത്തിയാക്കുന്നതിന് മത്സരിക്കുന്നതായി ഞാൻ കണ്ടു.

വീണ്ടും ബുഖാരിയിൽ, റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഖബ്റിലെ കഠിനശിക്ഷയിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനായി, പ്രവാചകൻ(സ) അല്ലാഹുവിനോടു, അഭയം തേടുന്നത് കേട്ടതായി അദ്ദേഹത്തിന്റെ സഹാബാക്കൾ സാക്ഷ്യം വഹിക്കുന്നു. ഹസ്രത് അബൂഹുറൈറ(റ) വിവരിച്ചിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ(സ) അല്ലാഹു(ത)യോട് ഇപ്രകാരം പ്രാർത്ഥിക്കുന്നത് പതിവാക്കിയിരുന്നു.

"അല്ലാഹുമ്മ ഇന്നീ അഊദ് ബിക്കമിൻ അദാബിൽ ഖബരി, വമിൻ അദാബിന്നാർ വമിൻ ഫിത്നത്തിൽ മഹ്‌യാ വൽമമാത്ത് വമിൻ ഫിത്നത്തിൽ മസീഹിദ്ദജ്ജാൽ."

"യാ അല്ലാഹ്! നരകത്തിലെയും ഖബ്റിലെയും ശിക്ഷയിൽ നിന്ന് ഞാൻ അല്ലാഹുവിൽ അഭയം പ്രാപിക്കുന്നു. ജീവിതത്തിലും മരണത്തിലും ഉണ്ടാകുന്ന പ്രയാസങ്ങളിൽ നിന്നും

ഞാൻ അല്ലാഹുവിൽ അഭയം പ്രാപിക്കുന്നു. മസീഹിദ്ദജ്ജാലിന്റെ പീഡനങ്ങളിൽ നിന്നും രക്ഷപ്പെടാനായി ഞാൻ അല്ലാഹുവിൽ അഭയം പ്രാപിക്കുന്നു."

സഹീഹുൽ ബുഖാരിയിൽ തന്നെവന്ന, ഹസ്രത് അബൂഹുറൈറ(റ)വിവരിക്കുന്ന ഒരു വിവരണം കാണൂ! അവിടെ അദ്ദേഹം വിവരിക്കുന്നു; അതായത് പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു. ഒരാൾ തുമ്മിയാൽ, അവൻ, അൽഹംദുലില്ലാഹ് അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും എന്ന് പറഞ്ഞുകൊള്ളട്ടെ! അവന്റെ സഹോദരൻ (മുസ്ലിം) നിർബന്ധമായും അവനോട് പറയേണ്ടതാണ്.! "യറുഹമക്കല്ലാഹ് അല്ലാഹു (ത) താങ്കളുടെ മേൽ കാരുണ്യം ചൊരിയട്ടെ)ഇത് അവൻ അവനോട് പറയുമ്പോൾ (അവസാനവാക്യം) അതിനു മറുപടിയായി നിർബന്ധമായും പറയേണ്ടതാണിത്, യഹ്ദിക്കുമുല്ലാഹ്, വ യുസ്ലഹ ബാലക്കും (അല്ലാഹു(ത) താങ്കൾക്ക് നേർവഴികാട്ടിത്തരട്ടെ, നല്ല നിലയിൽ ജീവിക്കുവാനുള്ള അവസരം നല്കട്ടെ!")

"ബുഖാരിയിലും, മുസ്ലിമിലും, തിർമിദിയിലും റിപ്പോർട്ട് ചെയ്തിരിക്കുന്നു ഇബ്ന് അബ്ബാസ് (റ) വിവരിക്കുന്നു. പ്രവാചകൻ(സ) പറഞ്ഞു. ഒരാൾ തന്റെ ഭാര്യയുമായി രമിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ, അവർ നിർബന്ധമായും പറയേണ്ടതാണ്." "ബിസ്മില്ലാഹ്! അല്ലാഹുമ്മ ജന്നിബ്നശൈയ്ത്താന വ ജന്നിബ് ശൈയ്ത്താന മാ റസഖ്തനാ"

"അല്ലാഹുവിന്റെ നാമത്തിൽ, യാ! അല്ലാഹ്! ഞങ്ങളിൽ നിന്നും നീ പിശാചിനെ അകറ്റേണമെ! ഞങ്ങൾക്ക് നീ നല്കുന്നതിൽ നിന്നും പിശാചിനെ ദൂരത്താക്കേണമെ! അപ്പോൾ, വിധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അവർക്കൊരു കുഞ്ഞിനെ ലഭിക്കുന്നതാണ്. അപ്പോൾ പിശാചിന് അവനെ ഒരിക്കലും ഉപദ്രമേല്പിക്കുവാൻ സാധിക്കുകയില്ല.

ഇന്ന് ഞാൻ ഇത് ഇവിടെ നിർത്തുകയാണ്. ഇതേ വിഷയം തന്നെ അടുത്ത ആഴ്ചയിലും തുടരുവാനുള്ള തൗഫീഖിനായി ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു. അതെ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ദുആകൾ അടുത്തവെള്ളിയാഴ്ച തുട

രുവാനുള്ള തൗഫീഖിനായി പ്രാർത്ഥിക്കുന്നു. ഇൻശാഅല്ലാഹ്!

നമ്മുടെ മഹത്തായ ശ്രേഷ്ഠപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ പ്രാർത്ഥനകളുടെ ഉള്ളറിയുവാൻ നമ്മെ ഓരോരുത്തരേയും അല്ലാഹു(ത) പ്രാപ്തിയുള്ളവരാക്കി മാറ്റട്ടെ! അവ ഓരോന്നും നമ്മുടെ ജീവിതത്തിലെ അവിഭാജ്യഘടകമായി മാറട്ടെ! നാം അല്ലാഹുവിനോട് എത്രത്തോളം കൂടുതൽ ദുആ ചെയ്യുന്നുവോ, അവന്റെ സഹായം നാം തേടുന്നുവോ, അവന്റെ പിന്താങ്ങൽ നാം ആവശ്യപ്പെടുന്നുവോ, അവന്റെ കാരുണ്യം നാം ആവശ്യപ്പെടുന്നുവോ, അവന്റെ സ്നേഹം നാം ആവശ്യപ്പെടുന്നുവോ, അത്രത്തോളം അല്ലാഹു(ത)നമ്മളോട് സംതൃപ്തനായി തീരുന്നതാണ്, നമ്മെ അവൻ സഹായിക്കുന്നതാണ്, നമ്മെ അവൻ അനുഗ്രഹിക്കുന്നതാണ്, അവന്റെ സമ്പൂർണ്ണ കഴിവിനാൽ, അവന്റെ സമ്പൂർണ്ണ ദയാവായ്പിനാൽ, അവന്റെ സമ്പൂർണ്ണ വാത്സല്യത്താൽ!

മുഹർറത്തെക്കുറിച്ച് നാം സംസാരിക്കുമ്പോൾ, നാം ആശുറാഅ്നെ ഓർത്തുപോകുന്നു. അതായത് മുഹർറം 10, മാത്രമല്ല, ഹസ്രത് ഇമാം ഹുസൈൻ(റ)ന്റെ രക്തസാക്ഷിത്വവും നാം ഓർത്തുപോകുന്നു. ഈ മാസം അല്ലാഹുവിനായി സമർപ്പിക്കപ്പെട്ട മാസമാകുന്നു. ഇസ്ലാം മുഹർറം മാസത്തിന് അതിന്റെ യഥാർത്ഥമൂല്യം കല്പിച്ചിരിക്കുന്നു. കാരണം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) മുഹർറം 10ന്റെ യഥാർത്ഥ മൂല്യം എന്തെന്ന് നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു. കാരണം ഈ മാസത്തിലാണ് യൗമുആശൂറാഅ്! ഈ ദിനത്തിൽ ഏറ്റവും ശ്രേഷ്ഠമായ ആരാധന, വ്രതാനുഷ്ഠാനം തന്നെയാണ്! അല്ലെങ്കിൽ വളരെയധികം ദുആ ചെയ്യുക എന്നതാണ്. കൂടുതലായി ഇസ്തിഗ്ഫാർ ചെയ്യുക. വിശുദ്ധഖുർആൻ പാരായണം ചെയ്യുക; പരിഭാഷയോടു കൂടി! നഫ്ൽ നമസ്ക്കാരങ്ങൾ അധികരിപ്പിക്കുക. ഈ ദിനത്തിൽ വളരെ പ്രധാനപ്പെട്ട പല സംഭവങ്ങളും അരങ്ങേറുകയുണ്ടായി. മുസ്നദ് അഹ്മദിൽ, ഒരു ഹദീസിൽ, ഹസ്രത് അബ്ദുല്ലാഹ് ഇബ്ന് അബ്ബാസ്(റ) വിവരിച്ചിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ(സ)പറഞ്ഞു. ആശൂറാഅ് ദിനത്തിൽ നിങ്ങൾ വ്രതമനുഷ്ഠിക്കുക. എന്നാൽ

ജൂതരിൽ നിന്നും നിങ്ങൾ സ്വയം വ്യത്യസ്തരായിരിക്കുവാൻ, നിങ്ങൾ ഒരു ദിവസം മുൻപേയും ഒരു ദിവസം ശേഷവും വ്രതമനുഷ്ഠിക്കുക.

ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ, ഒരാൾക്ക് തൗബയും ഇസ്തിഗ്ഫാറും കൂടുതൽ ചെയ്യാവുന്നതാണ്. ഹസ്രത് ആദം (അ)ന്റെ തൗബയും ഇസ്തിഗ്ഫാറും അല്ലാഹു(ത) സ്വീകരിച്ച ദിനമാണ് എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അതുപോലെ ഹസ്രത് മൂസാ(അ)ന് ഫറോവയുടെ മേൽ വിജയം നല്കിയതും ഈ ദിനത്തിലാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

ആയതിനാൽ ആശൂറാഅ് ദിനത്തിൽ നിങ്ങൾക്ക് വളരെയധികം ചൊല്ലാവുന്ന ഒരു കാര്യമാണ്. സുബ്ഹാനല്ലാഹ്, വൽഹംദുലില്ലാഹ്, വലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, വലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബില്ലാഹിൽ അലിയ്യിൽ അസീം. അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു, എല്ലാ സ്തുതിയും, അവനുമാത്രമാകുന്നു; അല്ലാഹു അല്ലാത്ത മറ്റൊരു ആരാധ്യനില്ല; അല്ലാഹു വലിയവനാകുന്നു. അധികാരവും ശക്തിയും അവനുമാത്രമുള്ളതാകുന്നു. അവൻ ഏറ്റവും വലിയവനും, ഏറ്റവും മഹത്വമുടയവനുമാകുന്നു. നഫ്ൽ നമസ്ക്കാരങ്ങൾ അധികരിപ്പിക്കുക. നിങ്ങളുടെ തന്നെ നന്മയ്ക്കായി! അല്ലാഹു(ത)യുമായി കൂടുതൽ ബന്ധപ്പെട്ടു നില്ക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിങ്ങൾ കൂടുതലായി സന്തോഷിക്കുക.

ഓർക്കുക, നിങ്ങൾക്ക് അല്ലാഹു നല്കിയ ഈ ജീവിതത്തിലൂടെ നിങ്ങളെ അവൻ ബഹുമാനിച്ചിരിക്കുകയാണ്. ആയതിനാൽ നിങ്ങൾക്ക് ലഭ്യമായ കഴിവനുസരിച്ച് അല്ലാഹുവിന്റെ വഴിയിൽ നിങ്ങൾ സഹായിക്കുക. നിങ്ങളുടെ ഉദ്ദേശങ്ങളും പ്രവർത്തനങ്ങളും എല്ലായ്പ്പോഴും ശുദ്ധവും ആത്മാർത്ഥത നിറഞ്ഞതുമായിരിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കണം. അതുറപ്പാക്കുകയും വേണം! അല്ലാഹുവിനെ അധികമധികമായി സ്മരിക്കുക. അവന്റെ സാന്നിദ്ധ്യം എപ്പോഴും! ഓർക്കേണ്ടതാണ്; അവന്റെ ദൂതന്മാരെ സഹായിക്കേണ്ടതാണ്; ഇസ്ലാമിന്റെ വിശുദ്ധത, പവിത്രത സംരക്ഷിക്കപ്പെടേണ്ടതാണ്. ദൈവീക മനു

ഷ്യർ ചെയ്ത ത്യാഗങ്ങളെ സ്മരിക്കുക. അല്ലാഹുവിന്റെ സഹായത്താൽ എല്ലാ അസമത്വങ്ങൾക്കുമെതിരെ അവർ നില കൊണ്ടു. അധർമ്മത്തിനെതിരിൽ അവർ വിജയക്കൊടി നാട്ടി! ഓരോ കാര്യത്തിനും, ഓരോ സംഭവത്തിനും ഒരു നിശ്ചിത സമയം വിധിക്കപ്പെട്ടിരിക്കുന്നു.

നാം, മുസ്ലിംകൾ തിന്മയുടെ വേരുകൾ നമ്മുടെ ഹൃദയങ്ങളിൽ നിന്നും അറുത്തുമാറ്റേണ്ടതാണ്. നാം എപ്പോഴും നമ്മിൽ നിന്നാണ് തുടങ്ങേണ്ടത്. എന്നിട്ട് കുറേശ്ശെയായി അവിശ്വാസമാകുന്ന മോശം ചെടികളെ പറിച്ചു മാറ്റുവാൻ ശ്രമിക്കുക. എന്നിട്ട് ദീൻകാര്യങ്ങളിലെ കുഴപ്പങ്ങൾ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുക.

നിങ്ങൾ ഓർത്തിരിക്കുക! എല്ലാ നിലയിലുള്ള ദുഷ്ട ഫറോവാമാരും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. യസീദ് ഇബ്ന് മുആവിയയെ പോലുള്ള ആളുകളും ഉണ്ടായിക്കൊണ്ടിരിക്കും. ഒരു നിലപാടിലെത്തിച്ചേരുക എന്നത് നമ്മുടെ ബാധ്യതയാണ്. എന്നിട്ട് നാം ഇമാം ഹുസൈനിബ്ന് അലി(റ) വിനെപോലെ ആയി തീരുക. നാമൊരിക്കലും നമ്മുടെ ആത്മീയ ഉത്തരവാദിത്വങ്ങളിൽ നിന്നും പുറകോട്ടു പോകുന്നവരല്ല. അവർ നിർവ്വഹിച്ച ഇസ്ലാമിലെ അതെ ഉത്തരവാദിത്വങ്ങൾ ഇന്ന് നമ്മുടെ മേൽ ഏല്പിച്ചിരിക്കുകയാണ്. നമുക്കായി അല്ലാഹു(ത) എന്താണോ ഒരുക്കിവെച്ചിരിക്കുന്നത്, നല്ലതാകട്ടെ, ചീത്തയാകട്ടെ, നാം അല്ലാഹുവിന്റെ ഇച്ഛയ്ക്ക കീഴടങ്ങുക. കഴിഞ്ഞതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും ഇനി വരാനിരിക്കുന്നതും എല്ലാം തന്നെ അല്ലാഹു(ത)യ്ക്ക് നല്ലതുപോലെ അറിവുള്ളതാണ്. അവൻ എല്ലാം കാണുന്നവനാണ്; സർവ്വ അധികാരങ്ങളും അവന്റെ കരങ്ങളിലാണ്. അവന്റെ സഹായമില്ലാതെ നമുക്കീ ആത്മീയ വിപ്ലവം കൊണ്ടുവരുവാൻ സാധിക്കുകയില്ല. വിശ്വാസം നഷ്ടപ്പെട്ട ആത്മാക്കളെ മടക്കി ഇസ്ലാമിലേക്ക് കൊണ്ടുവരുവാനും സാദ്ധ്യമല്ല.

ആയതിനാൽ, ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്തെന്നുവെച്ചാൽ, നാമൊരിക്കലും അല്ലാഹുവിനെ മറന്നുപോകരുത്. അവ

നോട് ദുആ ചെയ്യുവാൻ നാം മറന്നുപോകരുത്. അവന്റെ സഹായം നാം എപ്പോഴും തേടിക്കൊണ്ടിരിക്കണം. അങ്ങനെ ആയാൽ മാത്രമെ അവൻ നമ്മളെ പിന്താങ്ങുകയുള്ളു. അങ്ങനെ അവൻ യഥാർത്ഥ വിശ്വാസികളുടെ ശത്രുക്കളെ നിരായുധരാക്കിതീർക്കുന്നതാണ്. നമ്മുടെ വിശ്വാസം എത്ര ത്തോളം ദൃഢതരമാകുന്നുവോ, അതനുസരിച്ചാണ് അല്ലാഹു(ത) കുഴപ്പകാരികളെ നേരിടുന്നത്. എന്നിട്ട് അതിലൂടെ ഇസ്ലാമിന്റെ വിജയം തുറക്കപ്പെടുകയും അതിഗംഭീരമായി തീരുകയും ചെയ്യുന്നതാണ്! ഇൻശാ അല്ലാഹ്!

ആയതിനാൽ അല്ലാഹു(ത) നമ്മെ സഹായിക്കട്ടെ! അതിമനോഹര വഴികളിലൂടെ അവന്റെ മാർഗത്തിൽ മുന്നേറുവാൻ അവൻ നമ്മെ സഹായിക്കട്ടെ! അല്ലാഹു(ത) അവന്റെ തെരഞ്ഞെടുത്ത ദാസനെ നമുക്കായി നിയോഗിച്ചിട്ടുണ്ട്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലൂടെ പ്രസ്തുത അനുഗൃഹീത ലക്ഷ്യം നേടുന്നതിനായി! ആയതിനാൽ, നമുക്ക് ധാരാളം ജോലികൾ ചെയ്യേണ്ടതായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നിങ്ങൾ, നിങ്ങളെതന്നെ, സ്വയം സംസ്ക്കരിക്കുക എന്നതാണ്. അങ്ങനെ നിങ്ങളിലൂടെ ഇസ്ലാമിന്റെ പ്രകാശം, പ്രസരിക്കട്ടെ, നിങ്ങളിലൂടെ അനേകം നഷ്ടാത്മക്കൾക്ക് യഥാർത്ഥ മാർഗദർശനം സ്വീകരിക്കുവാനുള്ള ഭാഗ്യം ഉണ്ടാകട്ടെ! ഇൻശാ അല്ലാഹ്! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*